[vinuxavier]™

തറയാവരുതേ എന്ന പ്രാർത്ഥനയോടെ..! www.vinuxavier.com

# സ്മാരക-ചരിത്രങ്ങൾ..!

ചരിത്രവും പൌരാണികതയും ഉറങ്ങിക്കിടക്കുന്ന വരാപ്പുഴയിലെ, കൂനമ്മാവ് സെയിന്റ് ഫിലോമിനാസ് ദേവാലയത്തിന് അരികിലായി,ആദ്യകാല ഡച്ച് വാസ്തുകലയെ അനുസ്മരിപ്പിക്കുന്ന രീതിയിൽ പതിനെട്ടാം നൂററാണ്ടിൽ എപ്പഴോ പണികഴിപ്പിച്ചതെന്നു വിശ്വസിക്കപ്പെടുന്ന,ഇന്ന് തികച്ചും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഒരു പഴയപള്ളിയുണ്ട്. തലമുറകളായി മുത്തശ്ശികഥകളിലൂടെ കൈമാറി കൈമാറി കൂനമ്മാവുകാർക്ക് ലഭിച്ച, സത്യം തന്നെയെന്നു അവിടത്തുകാർ ഇന്നും വിശ്വസിച്ചുപോരുന്ന പല പഴങ്കഥകളും സൂചിപ്പിക്കുന്നത് കൂനമ്മാവിന്റെ ചരിത്രത്തിനു ആ പഴയപള്ളിയെക്കാളും പഴക്കമുണ്ടെന്നാണ്.

ഈ കെട്ടുകഥകൾക്ക് പിന്നിൽ ഒളിഞ്ഞിരിക്കുന്ന സത്യങ്ങൾ തേടിയുള്ള എന്റെ യാത്രയിൽ എന്നെ സഹായിച്ചത് ഒരു വൈദികൻ ആണ്..ഫാദർ പാന്തിയോസ് പീലാത്തോസ്! കൂനമ്മാവിന്റെ മണ്ണിൽ തന്നെ ജനിച്ചുവളർന്നു പിന്നീട് ഒരു വൈദികൻ ആയി സേവനമാനുഷ്ഠിച്ചതിനു ശേഷം ഇപ്പൊ തന്റെ തൊണ്ണൂറാംവയസ്സിൽ പൌരോഹിത്യജീവിതത്തിന്റെ അന്ത്യയാമങ്ങൾ കൂനമ്മാവിൽ തന്നെയുള്ള കൊവേന്ത-ആശ്രമത്തിലെ ഏകാന്തതയിൽ അദ്ദേഹം കഴിച്ചുകൂട്ടുന്നു. അദ്ദേഹം തന്റെ ഓർമയിൽനിന്നു മങ്ങിയ കോണുകളിൽ നിന്ന് ചികഞ്ഞെടുത്ത പഴയസംഭവങ്ങളും ,പിന്നീടു അദ്ദേഹത്തിന്റെ തന്നെ ഉപദേശപ്രകാരം പഴയപള്ളിയിലെ ഇരുട്ടുപിടിച്ച കൊമ്പേരി മുറികളിൽ അടുക്കിവെച്ചിട്ടുള്ള പാതി ചിതലരിച്ചു തീരാറായ ഗ്രന്ഥങ്ങളിൽ ഞാൻ നടത്തിയ പഠനങ്ങളും കോർത്തിണക്കിക്കൊണ്ട് ഇവിടെ ആ ചരിത്രം ഒന്ന് പുനരാവിഷ്കരിക്കുവാൻ ശ്രമിക്കുകയാണ്.

എ.ഡി 1700 : മലബാർ-കൊച്ചി നാട്ടുരാജ്യങ്ങളെ ടിപ്പുസുൽത്താൻ ആക്രമിക്കുകയും അമൂല്യങ്ങൾ ആയ പലവിധ സ്വത്തുക്കൾ വൻതോതിൽ മോഷ്ടിക്കുകയും ചെയ്തതായി ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു ! ടിപ്പുവിന്റെ പടയോട്ടക്കാലം എന്ന് പഴമക്കാർ വിളിച്ചിരുന്ന ആ കാലഘട്ടത്തിലാണ് ഈ നാട്ടിലെ ജനങ്ങൾ ഏററവും അധികം കഷ്ടപ്പാടുകളും ദുഖദുരിതങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുള്ളതെന്ന് ചരിത്രത്താളുകളിൽ സൂചനകൾ ഉണ്ട്.!

കൃഷിയും കച്ചവടവും കൈകാര്യം ചെയ്യുകവഴി നാട്ടുപ്രമാണികൾ ആയിരുന്ന പല പുരാതന തറവാടുകളും കല്ലിന്മേൽ കല്ല് അവശേഷിക്കാതെ ടിപ്പുവിന്റെ സൈന്യത്താൽ കൊള്ളയടിക്കപ്പെട്ടു. ചെറുത്തുനിൽക്കാൻ ശക്തിയില്ലതിരുന്ന പല കുടുംബങ്ങളും ഇരൈനാർകലം (ശിവന്റെ ഇരിപ്പിടം എന്നർത്ഥം-ഇന്നത്തെ എറണാകുളം) ചേരാമാണ്ടാലൂർ (ചേര രാജവശംത്തിലെ അവസാന കണ്ണികൾ ഇവിടെ ഉണ്ടായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു – ഇന്നത്തെ ചേരാനെല്ലൂർ ) തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കോതമംഗലം,തൊടുപുഴ എന്നീ മലയോര പ്രദേശങ്ങളിലെക്ക് സകുടുംബം പ്രയാണം നടത്തിപ്പോന്നു.

ഇത്തരത്തിൽ ദേശം താണ്ടിയ കുടുംബങ്ങൾ തങ്ങളുടെ ഭാരിച്ച സ്വത്ത് കയ്യിൽ കൊണ്ടുപോകാതെ ഒട്ടേറെ നിധികുംഭങ്ങളിൽ ആക്കി കുഴിച്ചിടുമായിരുന്നു. വരാപ്പുഴയിൽ നിന്നും മലയോരെ പ്രദേശങ്ങളിലേക്ക് അങ്ങനെ കുടിയേറിപ്പാർത്തവരിൽ പ്രമാണികൾ ആയിരുന്നു പട്ടരുമന നാട്ടുരാജാക്കന്മാർ. സ്വത്തുക്കൾ ടിപ്പുവിന്റെ സൈന്യത്തിന്റെ കയ്യിൽ അകപ്പെടാതിരിക്കാൻ ആ കുടുംബവും തങ്ങളുടെ സ്വർണനാണയങ്ങളും പണവും രണ്ടടി-മൂന്നടി ഉയരത്തിൽ ഉള്ളതും ഒത്ത വ്യാസവുമുള്ള വലിയ ജാറകളിൽ ആക്കി (മണ്ണ് കൊണ്ടുണ്ടാക്കിയ ഭീമൻ ഭരണികൾ ) കൈവശം ഉണ്ടായിരുന്ന നെൽവയലുകളിൽ കുഴിച്ചിട്ടു എന്നാണു ഐതിഹ്യം. ഈ കുടുംബം തോടുപുഴയിലെക്കുള്ള യാത്രമദ്ധ്യേ പാലാഴിവൃത്തം (ഇന്നത്തെ പാലാരിവട്ടം)എന്ന് പറയുന്ന ഒരു സ്ഥലത്ത് വെച്ച് ടിപ്പുവിന്റെ സൈന്യത്തിന്റെ പിടിയിൽ ആവുകയും സൈന്യം ആ കുടുംബത്തിലെ പുരുഷന്മാരെയെല്ലാം വധിക്കുകയും ചെയ്തു എന്ന് ഡച്ച് ചരിത്രവിദഗ്ദ്ധൻ ആയ ജർമ്മൻ ഗിൽബർട്ട് തന്റെ സീഷെ-വെർഹാഫ്ട്ടൻ (സ്മാരക-ചരിതങ്ങൾ) എന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അഥർവമന്ത്രവേദങ്ങളിലും ദുർദേവതകളെ ആരാധിക്കുന്നതിലും അഗ്രഗണ്യരായിരുന്നു പട്ടരുമന കുടുംബക്കാർ എന്ന് ചരിത്രം വെളിപ്പെടുത്തിതരുന്നു!തങ്ങളുടെ സ്വത്തുക്കൾ അടക്കം ചെയ്ത പടുകൂററൻ ജാറകളുടെ ചുററിലുമായി അവർ ദുർഭൂതങ്ങളെ ആവാഹിച്ച മന്ത്രത്തകിടുകൾ ജപിച്ചുകെട്ടിയിരുന്നത്രെ!ഒരുപക്ഷെ തങ്ങളുടെ സ്വത്ത് അർഹിക്കാത്ത ആരെങ്കിലുമാണ് സ്വന്തമാക്കുന്നതെങ്കിൽ അവർക്ക് ആ സ്വത്ത്, ദുരിതങ്ങൾക്ക് ഹേതുവായി ഭവിക്കട്ടെ എന്നാണു സംസ്കൃതഭാഷയിൽ രേഖപ്പെടുത്തിയിരുന്ന ആ മന്ത്രങ്ങളുടെ അന്തസത്തഎന്ന് ആ ഗ്രന്ഥങ്ങൾ എനിക്ക് മനസ്സിലാക്കിത്തന്നു!

കാലമൊരുപാട് പിന്നെയും കടന്നുപോയി! ഇനി ഞാൻ പറയാൻ പോകുന്ന കാര്യങ്ങൾ , ഏതാണ്ട് എഴുപത്തിഅഞ്ചു-എൺപത് വർഷങ്ങൾക്ക് മുന്പ് എനിക്ക് മുൻപേ കടന്നുപോയ ഒരു തലമുറ കണ്ടു വിശ്വസിച്ച ഒരു അനുഭവമാണ്!കൂനമ്മാവിൽ ക്രിസ്ത്യൻ കത്തോലിക്കാ സഭ അതിന്റെ വളർച്ച ആരംഭിച്ചുകഴിഞ്ഞിരുന്നു. പട്ടരുമന കുടുംബക്കാരുടെ അവസാനകണ്ണികളും

മരിച്ചു മണ്ണടിഞ്ഞിരിക്കുന്നു. പട്ടരുമന കുടുംബത്തിന്റെ അധീനതയിൽ ആയിരുന്ന ഭൂമിസ്വത്തുക്കൾ എല്ലാം അന്യാധീനപെട്ടു. കൂനമ്മാവ് എന്നത് വരാപ്പുഴ അതിരൂപതയുടെ ആസ്ഥാനമായിരുന്നതിനാൽ ആദ്യത്തെ വൈദികസെമിനാരിയും പള്ളിക്കൂടങ്ങളും(പിന്നീട് സ്കൂൾ എന്നാ പേരിൽ അറിയപെട്ടു) എല്ലാം സ്ഥാപിക്കപെട്ടത് അവിടെയാണ് . പള്ളി സ്ഥാപിക്കപെട്ടപ്പോൾ അന്നത്തെ ഇടവക വികാരിയായിരുന്ന ഫാതർ:ലോറൻസ് സ്റെബോളിൻ എന്നാ ബ്രിട്ടീഷുകാരനായ വൈദികൻ പള്ളിയോടനുബന്ധിച്ചു ഒരു സെമിത്തേരി സ്ഥാപിക്കാൻ ആയി സ്ഥലമെടുത്തത് ഒന്നര നൂററാണ്ടുകൾക്ക് മുന്നേ പട്ടരുമന കുടുംബം നിലനിന്നിരുന്ന സ്ഥലത്ത് ആണ്.

സെമിത്തേരിയിൽ കുഴിവെട്ടുകാരൻ ആയി ജോലി നോക്കിയിരുന്നത് പള്ളിപ്പറമ്പിനു പടിഞ്ഞാരുവശതായിട്ടു ചാപ്പക്കൽ കുടുംബത്തിലെ കൊച്ചൌസോ എന്ന വ്യക്തിയായിരുന്നുവെന്ന് ഓർമിച്ചെടുത്ത ശേഷം ഫാദർ:പീലാത്തോസ് ആ സംഭവം എന്നോട് വിവരിച്ചു! അയാൾ കുഴിവെട്ടിയായി ജോലിനോക്കിക്കൊണ്ടിരിക്കവേ, ഒരു മരണാവശ്യത്തിനായി പള്ളിവക സെമിത്തേരിയിൽ ഒരു തവണ കുഴിയെടുത്തപ്പോൾ ,പണ്ട് പട്ടരുമന കുടുംബക്കാർ ജപിച്ച മന്ത്രകിടുകളാൽ ബന്ധിക്കപ്പെട്ട നിലയിലുള്ള ഒരു ജാറ കിട്ടുകയായിരുന്നു. ആ വ്യക്തിയുടെ അജ്ഞതമൂലം അയാൾ ആ മന്ത്രച്ചരടുകൾ പൊട്ടിച്ചുകളഞ്ഞതിന് ശേഷം ഉള്ളിൽ ഉണ്ടായിരുന്ന സ്വർണ്ണാഭരണങ്ങളും കല്ലുകളും എടുത്തുപൊതിഞ്ഞു വീട്ടിൽ കൊണ്ടുപോയി സൂക്ഷിച്ചുവത്രേ! ആ ദിവസങ്ങൾ മുതൽ ദുർവിധി അയാളെ വേട്ടയാടാൻ തുടങ്ങിക്കഴിഞ്ഞിരുന്നു!

മാനസികനില പൂർണ്ണമായി അവതാളത്തിൽ ആയ അയാളെ പകൽസമയങ്ങളിൽ ആരും കാണാതെയായി. രാത്രി ഇയാൾ പള്ളിവക സെമിത്തേരിയിൽ പതുങ്ങിചെന്നു കുഴിമാടങ്ങളിലെ മണ്ണ് കൈകൊണ്ടു തോണ്ടി പുറത്തിടുമായിരുന്നുവെന്നു പഴമക്കാർ ഓർമ്മിക്കുന്നു! സെമിത്തേരിയിലെ കുഴിമാടങ്ങൾ തിരഞ്ഞു ശവശരീരങ്ങളുടെ അവശിഷ്ടങ്ങൾ വലിച്ചു പുറത്തിടുന്നത് ആരെന്നറിയാനായി പള്ളിവികാരിയച്ചനും കൈക്കാരന്മാരും കൂടി പാതിരാത്രി മറഞ്ഞുനിന്നു നിന്ന് വീക്ഷിക്കുകയായിരുന്നു. തികച്ചും ഒരു ചെന്നായയെ അല്ലെങ്കിൽ ഒരു ഭയങ്കര പിശാചിനെ അനുസ്മരിപ്പിക്കുന്ന മുഖഭാവതോടും ചേഷ്ടകളോടും കൂടിയാണ് കൊച്ചൌസോചേട്ടനെ അവർ കണ്ടത്.

വൈദികനെ കണ്ട ഉടനെ കൊച്ചൌസോ ചേട്ടൻ അവിടെനിന്നു എഴുന്നേററ് ഓടി,സ്വന്തംവീട്ടിൽ എത്തി കതകടച്ചു! പുറകെ ജനകൂട്ടത്തോടൊപ്പം ഓടിവന്ന ഫാദർ:ലോറൻസ് ആദ്യം ചെയ്തത് ആ മുറി പുറത്തു നിന്ന് പൂട്ടിയശേഷം കുരിശാകൃതിയിൽ രണ്ടു ആണികൾ തറച്ചു !എന്നിട്ട് മുററത്തേക്കിറങ്ങി ഒരുപിടി പച്ചമണല് വാരിയെടുത്ത് ജനലിലൂടെ അകത്തെക്കെറിഞ്ഞു. ഉടനെ

ആ നിമിഷം മുതൽ കൊച്ചൗസോ ചേട്ടൻ ഭീകരമായ ശബ്ദത്തിൽ ആ മണൽത്തരികൾ എണ്ണാൻതുടങ്ങി.ഭക്ഷണവും വെള്ളവും പോലും നാല് ദിവസം അത് തുടർന്നുവെന്നു കൊച്ചൗസോ ചേട്ടന്റെ ഭാര്യ സാക്ഷ്യപ്പെടുത്തി. നാലാം ദിവസം ഞരക്കം കേട്ട് അകത്തേക്ക് നോക്കിയാ ഭാര്യ കണ്ടത് ,കടുത്ത വസൂരി ബാധിച്ച് നിലത്തുകിടന്നിഴയുന്ന ഭർത്താവിനെയാണ്. അന്ന് വൈകുന്നേരമായപ്പോഴേക്കും അയാളുടെ ഞരക്കവും അവസാനിച്ചു.

മരണദിവസം ആ വീട്ടിൽ എത്തിച്ചേർന്ന ഫാദർ:ലോറൻസിനു അവിടെ നാല് ഭീകരപിശാചുക്കൾ ആ മുറിക്കു പുറത്തായി കാവൽ നിൽക്കുന്നത് കാണാൻ സാധിച്ചുവെന്നു അദ്ദേഹം തന്നെ പിന്നീട് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൊച്ചൗസോ ചേട്ടൻ മരിച്ചുവെന്നു ഒരു ഭിഷഗ്വരൻ കൂടിയായിരുന്ന ഫാദർ:ലോറെൻസ് ഉറപ്പിച്ചു പറഞ്ഞതിനു ശേഷം മൃതദേഹം ഒരു പായയിൽ പൊതിഞ്ഞു സെമിത്തേരിക്കു പുറത്തുള്ള ശവപ്പറമ്പിൽ കുഴിച്ചിടാൻ അദ്ദേഹം കൽപിച്ചു!എന്നാൽ , മൃതദേഹത്തിന്റെ കൈകാലുകൾ ചേർത്തുവെക്കാൻ ശ്രമിച്ചവർക്ക് അതിനു കഴിയാത്ത രീതിയിൽ ശരീരം ഉറച്ച്ചുപോയിക്കഴിഞ്ഞിരുന്നു! മാത്രമല്ല വസൂരിയെന്ന രോഗം അതിന്റെ മൂർധന്യാവസ്ഥയിലും കാണപ്പെട്ടു! അവസാനം ഉള്ളാടവർഗ്ഗത്തിൽ പെട്ട ആൾക്കാരെ നല്ലരീതിയിൽ മദ്യപിപ്പിച്ചതിനു ശേഷം മൃതദേഹത്തിന്റെ കൈകാലുകളിലെ എല്ലുകൾ അടിച്ചൊടിച്ചു പായയിൽ പൊതിഞ്ഞുകൊണ്ടുപോയി സെമിത്തേരിക്കു പുറത്ത് അടക്കം ചെയ്തു.

പിറ്റേന്ന് ഭർത്താവിന്റെ ശവക്കുഴിക്ക് അരികില്പോയ ഭാര്യ കണ്ടത് ആ കുഴിമൂടിയ മണ്ണിൽ വിള്ളലുകൾ ആണ്.അടക്കം ചെയ്ത സമയത്ത് കൊച്ചൗസോ ചേട്ടൻ മരിച്ചിട്ടില്ലായിരുന്നു. മണ്ണ്മൂടിക്കഴിഞ്ഞതിനു ശേഷം ശ്വാസം മുട്ടിയാണത്രെ അയാൾ മരിച്ചത്. ദുർവിധി അയാളെ മരണം വരെ പിന്തുടർന്ന് കൊണ്ടേയിരുന്നു! മെത്രാനച്ചന്റെ കൽപ്പന പ്രകാരം കൊച്ചൗസോ ചേട്ടന്റെ കുടുംബവീടായിരുന്ന ചാപ്പക്കൽ കുടുംബത്തിലെ ഏഴു തലമുറയുടെ ശാപം മാറിക്കിട്ടുന്നതിന് വേണ്ടി എല്ലാ മാസവും ആദ്യവെള്ളിയാഴ്ചയും മുടങ്ങാതെ അവർ “ദേവസ്താം പ്രാർത്ഥന” (പിശാചുബാധ ഒഴിയുന്നതിനുള്ള കർമ്മം) അനുഷ്ഠിച്ചുവരുന്നു. ഇന്ന് ആ കുടുംബത്തിന്റെ നാലാമത്തെ തലമുറയിലും അത് ആവർത്തിച്ചുപോരുന്നു.

എന്നൊക്കെ ഇത് മുടങ്ങിയിട്ടുണ്ടോ അന്നൊക്കെ അനർത്ഥങ്ങൾ അവിടെ സംഭവിച്ചിട്ടുണ്ട്! ഒരിക്കൽ ചാപ്പക്കൽ കുടുംബത്തിലെ ഇളം തലമുറയിൽ പെട്ട ഷിനോജ് എന്ന് പറയുന്ന ഒരുത്തൻ,എറണാകുളത് നിന്നും ബാംഗലൂരെക്കുള്ള ട്രെയിൻ യാത്രയിൽ റിസേർവ്ഡ് കമ്പാർട്ടുമെന്റിൽ തന്റെ അടുത്തിരിക്കുന്ന പെൺകുട്ടിയുടെ പേര് അറിയാനായി ഡോറിന്റെ പുറത്തായി ഒട്ടിച്ചിട്ടുള്ള റിസേർവേഷൻ ചാർട്ടിൽ എത്തിവലിഞ്ഞു നോക്കുന്നതിനിടെ ടീട്ടിയാർ വന്നിട്ട് “ഡാ,ഇങ്ങോട്ട് കേറി നിക്കടാ ചെറുക്കാ” എന്ന് പറഞ്ഞത് കേട്ട് ഞെട്ടി

ട്രെയിനിൽ നിന്നും താഴെവീണ് കയ്യും കാലും ഒടിയുകയുണ്ടായി! മാത്രമല്ല ഇവൻ എഴുതിയ കോഡ് ഓൺസൈററിൽ ചെന്ന് പൊട്ടിത്തകർന്നു രണ്ടുമൂന്നു സായിപ്പന്മാർക്ക് നിസ്സാര പരിക്കേൽക്കുകയും അവസാനം ഇവന്റെ ജോലി വരെ നഷ്ടപ്പെടും എന്നൊരു അവസ്ഥ വരെ എത്തിയിരുന്നു.

തലമുറകൾക്ക് ഏററ ശാപം ഒഴിവാക്കാൻ ചാപ്പക്കൽ തറവാട്ടുകാർ ഇപ്പഴും ദേവസ്താം പ്രാർത്ഥനയുമായി കഴിയുന്നു. കൊറേയൊക്കെ സ്വന്തം കയ്യീന്ന് അടിച്ചിറക്കിയതാണെങ്കിലും ഇത്രയും വിവരങ്ങൾ ക്രോഡീകരിക്കാൻ എന്നെ സഹായിച്ച ഫാതർ പാന്തിയോസ് പീലതോസിനു നന്ദിയർപ്പിച്ചുകൊണ്ട് .. ..